**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**കൊല്ലം ജില്ലയിലെ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1226 — 02-05-2017-ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി എത്ര പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ 24.04.2017 വരെ 308871 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്.<br>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ 10535 പേർക്ക് തൊഴിൽകാർഡ് നൽകിയിട്ടുണ്ട് |
| (ബി) | ജില്ലയിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക്, വേതന കടിശ്ശിക ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കുമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൊല്ലം ജില്ലയിൽ വേതന കുടിശ്ശികയിനത്തിൽ 24.04.2017 വരെ 63.52 കോടി രൂപ കുടിശ്ശികയുണ്ട്.<br>അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ വേതനകുടിശ്ശികയില്ല. |
| (സി) | പ്രസ്തുത തൊഴിലാളികളുടെ വേതന കുടിശ്ശിക ,കാലതാമസം കൂടാതെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) | കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതന കുടിശ്ശിക നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**